EA

11529

04 MAR 2014

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നമ്പർ.24735/ഔ.ഭാ.3/13/ഉഭപവ

തിരുവനന്തപുരം
തീയതി :14.02.2014

## സർക്കുലർ

വിഷയം:- ഔദ്യോഗികഭാഷ മലയാളമാക്കൽ-സെക്രട്ടേറിയറ്റിലും ജില്ലാതലത്തിലും നടത്തുന്ന യോഗങ്ങളുടെ നടപടിക്കുറിപ്പ് മലയാളത്തിൽ രേഖപ്പെടുത്തണമെന്ന നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 25.10.2013 ൽ ചേർന്ന ഔദ്യോഗികഭാഷ സംസ്ഥാനതല സമിതി യോഗത്തിന്റെ തീരുമാനം

ഭരണത്തിന്റെ എല്ലാതലങ്ങളിലും ഔദ്യോഗികഭാഷ മലയാളമായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഈ ലക്ഷ്യത്തിലെത്താനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുകയാണ്.

ഭരണരംഗത്തെ ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി രൂപവത്കരിച്ചതും ചീഫ്സെക്രട്ടറി അധ്യക്ഷനായി പുന:സംഘടിപ്പിച്ചതുമായ ഔദ്യോഗികഭാഷാ സംസ്ഥാനതല സമിതിയുടെ 25.10.2013 ന് നടന്ന യോഗത്തിൽ സെക്രട്ടേറിയറ്റിലും ജില്ലാതലത്തിലും നടത്തുന്ന എല്ലാ യോഗങ്ങളുടെയും നടപടിക്കുറിപ്പ് മലയാളത്തിൽ തന്നെ രേഖപ്പെടുത്തണമെന്ന് തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിലും ജില്ലാതലത്തിലും നടത്തുന്ന എല്ലാ ഔദ്യോഗിക യോഗങ്ങളുടെയും നടപടിക്കുറിപ്പ് നിർബന്ധമായും മലയാളത്തിലായിരിക്കണമെന്ന് ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകുന്നു.

സെക്രട്ടേറിയറ്റിലെ എല്ലാ അഡീഷണൽ ചീഫ്സെക്രട്ടറിമാരും പ്രിൻസിപ്പൽ സെക്രട്ടറിമാരും സെക്രട്ടറിമാരും സെക്രട്ടേറിയറ്റിതര വകുപ്പ് തലവന്മാരും ജില്ലാ കളക്ടർമാരും ഇക്കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തേണ്ടതും ബന്ധപ്പെട്ട എല്ലാവർക്കും ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. ഇക്കാര്യത്തിൽ വരുന്ന വീഴ്ച സർക്കാർ ഗൗരവമുള്ളതായി കാണുന്നതാണ്.

**ഇ.കെ.ഭരത് ഭൂഷൺ**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

Rajani Antony

സെക്ഷൻ ഓഫീസർ

ചുറ്റെഴുത്ത് നം ഇ 2 (?) CD 444/13

സഹ. സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം: 24-3-14.

ഇത് സംബന്ധിച്ച് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാരുടെയും അറിവിലേക്കായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി